Break the chain

വനിത ശിശുവികസന വകുപ്പ്

മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

**സംയോജിതശിശുസംരക്ഷണ പദ്ധതി : കേരളം**

**സ്റ്റേറ്റ്ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

**(ഹാജർ: അനുപമ T.V IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

വിഷയം: -വനിതാ ശിശു വികസന വകുപ്പ് - ICPS - എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന ജനസേവ ശിശു ഭവന് - താത്ക്കാലിക ജീവനക്കാരുടെ വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-1.സർക്കാർ ഉത്തരവ് നം.GO.(Rt)No.164/2021/SJD തീയതി:17.02.2021
2. എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം:DCPU/E/1654/20 തീയതി:08.07.2021

## ഉത്തരവ് നമ്പർ- ICPS- 4(A)/3615/18 തീയതി:08.09.2021

എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന ജനസേവ ശിശു ഭവൻ 20/05/2018 മുതൽ എറണാകുളം ജില്ലാ കലക്ടർ ഏറ്റെടുത്തിരുന്നു. സൂചന (1) പ്രകാരം സ്ഥാപനത്തിന്റെ Takeover Extension 18/02/2021 മുതൽ 6 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ജനസേവ ശിശു ഭവൻ ബോയ്സ് ഹോമിലെ മുഴുവൻ കുട്ടികളെ 01.01.2021 മാറ്റുകയും,30.03.2021 സ്ഥാപനത്തിലെ ജീവനക്കാരുടെ സേവനം അവസാനിപ്പിച്ച് കൊണ്ട് വനിത ശിശു വികസന ഡയറക്ടറുടെ ഉത്തരവായിട്ടുണ്ട്.കൂടാതെ ജനസേവ ശിശു ഭവൻ ഗേൾസ് ഹോമിലെ മുഴുവൻ കുട്ടികളെയും 2021 മെയ് 26 തീയതി മാറിയതിനാൽ 31.05.2021 ടി സ്ഥാപനത്തിലെ ജീവനക്കാരെ വിടുതൽ ചെയ്ത് ഉത്തരവായിട്ടുണ്ട്

ആയതിനാൽ ജനസേവ ശിശു ഭവൻ ബോയ്സ് പ്രവർത്തനത്തിനായി നിയമിച്ചിട്ടുള്ള 3 താത്കാലിക ജീവനക്കാർക്ക് മാർച്ച് 2021ലെ വേതനവും, ജനസേവ ശിശു ഭവൻ ഗേൾസ് ലെ 2 താത്കാലിക ജീവനക്കാർക്ക് മാർച്ച് 2021 മുതൽ 2021 മെയ് വരെയുള്ള നൽകുന്നതിനായി 1,20,600/- രൂപ അനുവദിച്ചു നൽകുന്നതിന് പരാമർശം പ്രകാരം എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ജനസേവ ശിശു ഭവൻ ബോയ്സ് പ്രവർത്തനത്തിനായി നിയമിച്ചിട്ടുള്ള 3 താത്കാലിക ജീവനക്കാർക്ക് മാർച്ച് 2021ലെ വേതനവും, ജനസേവ ശിശു ഭവൻ ഗേൾസ് ലെ 2 താത്കാലിക ജീവനക്കാർക്ക് മാർച്ച് 2021 മുതൽ 2021 മെയ് വരെയുള്ള വേതനം, നൽകുന്നതിനായി 1,20,600/-രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരത്തി അറുനൂറു രൂപ മാത്രം) എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസർറുടെ പേരിൽ അനുവദിച്ച് ഉത്തരവാകുന്നു.

ടി 1,20,600/-രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരത്തി അറുനൂറു രൂപ മാത്രം) 2235-02-103-58(P) (സർക്കാർ എൻ.ജി.ഒ പങ്കാളിത്തം) എന്ന ശീർഷകത്തിൽ നിന്നും എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതും, ജില്ലാ വനിതാ ശിശു വികസന ഓഫീസർ,തുക എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ പേരിൽ അലോട്ട്മെന്റ് ആയി നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ജീവനക്കാർക്ക് ചെക്കായോ/ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ മുഖേനയോ മാത്രമേ ശമ്പളം അനുവദിക്കാൻ പാടുള്ളൂ.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ&
മെമ്പർ സെക്രട്ടറി,SCPS

എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസർ

**പകർപ്പ്:**

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എറണാകുളം
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS –4
4. **സ്റ്റോക്ക്ഫയൽ**
5. വെബ്സൈറ്റ്

/ ഉത്തരവിൻ പ്രകാരം

പ്രോഗ്രാം മാനേജർ

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT